പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2114 — 12.02.2013 ൽ മറുപടിക്ക്

## സർക്കാർ സംവിധാനങ്ങളെ നിഷ്പക്ഷമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>'' എം. ഹംസ<br>'' എ. പ്രദീപ്കുമാർ<br>'' എ.എം. ആരിഫ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സർക്കാരിന്റെ സകല സംവിധാനങ്ങളേയും രാഷ്ട്രീയ പ്രതിയോഗികളെ നേരിടാനും കള്ളകേസുകളുണ്ടാക്കി കുടുക്കാനും ഉപയോഗിക്കപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആക്ഷേപങ്ങൾക്കിടയായ നടപടികൾ എന്തൊക്കെയായിരുന്നുവെന്ന് പരിശോധിക്കുകയുണ്ടായോ;<br><br>(ബി) പ്രസ്തുത ദിശയിലുള്ള നടപടികൾക്കെതിരെ സംസ്ഥാനത്ത് ജനങ്ങളുടെ പ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടുവരുന്നതായി അറിയാമോ;<br><br>(സി) സർക്കാർ സംവിധാനങ്ങളെ നിഷ്പക്ഷമായി പ്രവർത്തിപ്പിക്കാനും ജനങ്ങളിൽ ആ വിശ്വാസം വീണ്ടെടുക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു? | (എ) മുതൽ (സി) വരെ ആക്ഷേപങ്ങൾ മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നിഷ്പക്ഷവും നീതിപൂർവ്വവും രാഷ്ട്രീയ ഭേദമെന്യേയുമാണ് സർക്കാർ സംവിധാനങ്ങൾ ജനങ്ങൾക്കിടയിൽ പ്രവർത്തിച്ചുവരുന്നത് എന്നതുകൊണ്ട് ആക്ഷേപത്തിൽ കഴമ്പില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ